"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി (WTO സെൽ) വകുപ്പ്-വയനാട് ജില്ലയിൽ 30.07.2024-ന് ഉണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാലത്തിൽ കൃഷി വകുപ്പിൽ നിലവിൽ നടത്തിവരുന്ന പദ്ധതികളായ വിള ഇൻഷുറൻസ്, പ്രകൃതി ക്ഷോഭങ്ങൾക്കുള്ള അടിയന്തിര സഹായം ,കർഷകരുടെ വായ്പകൾക്ക മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനുള്ള നടപടി തുടങ്ങിയവയിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി-കൃഷി വകുപ്പിന് കീഴിൽ ഒരു വിദഗ്ധ സമിതി -രൂപീകരിച്ചുകൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (WTO സെൽ) വകുപ്പ്**

സ.ഉ.(കൈ) നം.108/2024/AGRI തീയതി,തിരുവനന്തപുരം, 14-10-2024

---

പരാമർശം:- 1. വയനാട് ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസ പാക്കേജ് സംബന്ധിച്ച വിഷയത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ 13.08.2024-ന് ഇ-മെയിൽ മുഖാന്തിരം സർക്കാരിൽ ലഭ്യമാക്കിയിരിക്കുന്ന റിപ്പോർട്ട് .

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിൽ 30.07.2024-ന് ഉണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിൽപ്പെട്ട ജനങ്ങളുടെ പുനരധിവാസ പാക്കേജ് സംബന്ധിച്ച വിഷയത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെത്തുടർന്ന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം 1 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ പാരിസ്ഥിതിക സന്തുലിതാവസ്ഥയെ ബാധിക്കാതെ കാർഷിക മേഖലയിൽ വയനാട് ജില്ലയിൽ നടപ്പാക്കാൻ ശുപാർശ ചെയ്യുന്ന പ്രധാന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

2) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പരാമർശം 1-ലെ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചതിൻപ്രകാരം വയനാട് ജില്ലയിൽ 30.07.2024-ന് ഉണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാലത്തിൽ കൃഷി വകുപ്പിൽ നിലവിൽ നടത്തിവരുന്ന പദ്ധതികളായ വിള ഇൻഷുറൻസ്, പ്രകൃതി ക്ഷോഭങ്ങൾക്കുള്ള അടിയന്തിര സഹായം ,കർഷകരുടെ വായ്പകൾക്ക മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനുള്ള നടപടി തുടങ്ങിയവയിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി ചുവടെച്ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥർ അംഗങ്ങളായി കൃഷി വകുപ്പിന് കീഴിൽ ഒരു വിദഗ്ധ സമിതി രൂപീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

1) ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
2) ഡയറക്ടർ, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്
3) അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്), കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - കൺവീനർ
4) അഡീഷണൽ ഡയറക്ടർ (സി.പി), കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
5) ഗവേഷണ വിഭാഗം മേധാവി, കേരള കാർഷിക സർവ്വകലാശാല
6) ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് ആൻഡ് എൻവയോൺമെന്റൽ സയൻസ്, കേരള

കാർഷിക സർവ്വകലാശാല
7) ജോയിന്റ് ഡയറക്ടർ (WM), കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
8) 14 ജില്ലകളിലേയും പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ
9) മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
10) അസിസ്റ്റന്റ് ഡയറക്ടർ (TR), കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
11) പരിസ്ഥിതി വകുപ്പിൽ നിന്നും ഒരു പ്രതിനിധി

3) മേൽപരാമർശിത വിദഗ്ദ്ധ സമിതി ക്രമമായ ഇടവേളകളിൽ യോഗങ്ങൾ ചേർന്ന് സമഗ്രമായ പഠന റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VALSALA S D
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്,തിരുവനന്തപുരം.
ഡയറക്ടർ, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്,തിരുവനന്തപുരം.
അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്), കാർഷിക വികസന കർഷകക്ഷേമ വകുപ്പ്,തിരുവനന്തപുരം. - കൺവീനർ
അഡീഷണൽ ഡയറക്ടർ (സി.പി), കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ,തിരുവനന്തപുരം.
ഗവേഷണ വിഭാഗം മേധാവി, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര, തൃശ്ശൂർ.
ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് ആൻഡ് എൻവയോൺമെന്റൽ സയൻസ്, കേരള കാർഷിക സർവ്വകലാശാല,വെള്ളാനിക്കര, തൃശ്ശൂർ.
ജോയിന്റ് ഡയറക്ടർ (WM), കാർഷിക വികസന കർഷകക്ഷേമ വകുപ്പ്,തിരുവനന്തപുരം
14 ജില്ലകളിലേയും പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ (കൃഷി വകുപ്പ് ഡയറക്ടർ മുഖേന)
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയം,ഒബ്സർവേറ്ററി കുന്ന്, വികാസ് ഭവൻ തപാൽ ഓഫീസ്, തിരുവനന്തപുരം, കേരളം – 695033.
അസിസ്റ്റന്റ് ഡയറക്ടർ (TR), കാർഷിക വികസന കർഷകക്ഷേമ വകുപ്പ് (കൃഷി വകുപ്പ് ഡയറക്ടർ മുഖേന).
പരിസ്ഥിതി വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള , തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (E-2878693 ,AGRI-WTO1/128/2024-AGRI)

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 15-10-2024 13:06:29
സെക്ഷൻ ഓഫീസർ

പകർപ്പ്:-കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി & എ.പി.സി-യുടെ പി.എ-യ്ക്ക്
കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
കൃഷി (WTO സെൽ) വകുപ്പ് സ്പെഷ്യൽ ഓഫീസറുടെ പി.എ-യ്ക്ക്.